**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3445** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റിക്കിട്ടുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരുടെയടക്കം കൈവശ ഭൂമിയുടെ തരം മാറ്റിക്കിട്ടുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരുടെയടക്കം കൈവശ ഭൂമിയുടെ തരം മാറ്റി കിട്ടുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം സംബന്ധിച്ച താലൂക്ക് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ ഭൂമിയുടെ തരംമാറ്റൽ നടപടിക്രമം ലളിതവും വേഗത്തിലുമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; എത്ര നാളുകൾക്കുള്ളിൽ പ്രസ്തുത നടപടികൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | അപേക്ഷകൾ നല്കുന്നതും നടപടിക്രമങ്ങൾ സ്വീകരിക്കുന്നതും ലളിതവും വേഗത്തിലുമാക്കുന്നതിന് നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. അപേക്ഷകളിന്മേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് SOP (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ) പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, നടപടികൾ വേഗത്തിലാക്കുന്നതിന് അധിക ജീവനക്കാരെയും വാഹന സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.<br><br>ബന്ധപ്പെട്ട രേഖകൾ, റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കി പരിശോധിച്ചും ആവശ്യമെങ്കിൽ സ്ഥലപരിശോധന നടത്തിയും, നിയമം/ചട്ട പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട്, വളരെ സൂക്ഷ്മതയോടെയും അവധാനതയോടെയുമാണ് തരം മാറ്റ അപേക്ഷകൾ സംബന്ധിച്ച ഫയലുകൾ തീർപ്പ കൽപ്പിക്കുന്നത്. ആയതിനാൽ തന്നെ എത്ര നാളുകൾക്കുള്ളിൽ അപേക്ഷകളിന്മേൽ നടപടികൾ പൂർത്തീകരിയ്ക്കാൻ സാധിക്കുമെന്നത് മുൻകൂട്ടി നിശ്ചയിക്കാൻ നിർവ്വാഹമില്ലാത്തതാണ്. എന്നിരുന്നാലും, റിപ്പോർട്ടുകൾ/രേഖകൾ മുതലായവ പൂർണ്ണമായും ലഭ്യമായിട്ടുള്ള അർഹതപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിന് അനാവശ്യ കാലതാമസം വരുത്തരുതെന്ന്, അവലോകനയോഗം കൂടി, |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുമുള്ളതാണ്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നമ്പർ | താലൂക്ക് | ആകെ അപേക്ഷകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന അപേക്ഷകൾ |
|---|---|---|---|
| 1 | ആലത്തൂർ | 6088 | 3219 |
| 2 | ചിറ്റൂർ | 4724 | 2873 |
| 3 | പാലക്കാട് | 17251 | 8438 |
| 4 | മണ്ണാർക്കാട് | 2206 | 1639 |
| 5 | ഒറ്റപ്പാലം | 4233 | 2846 |
| 6 | പട്ടാമ്പി | 6152 | 4503 |
| 7 | അട്ടപ്പാടി ട്രൈബൽ | 24 | 24 |
| | **ആകെ** | **40678** | **23542** |